**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2640** **24-06-2024 - ൽ മറുപടിയ്ക്ക്**

**നിർമ്മാണത്തിലുള്ള ജലവൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ജലവൈദ്യുത പദ്ധതികളാണ് നിർമ്മാണത്തിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 235.036 മെഗാ വാട്ട് സ്ഥാപിത ശേഷിയുള്ള 12 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു. |

| നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ആരംഭിച്ച തീയ്യതി |
|---|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി | 60 | നിർമ്മാണ പ്രവർത്തനങ്ങൾ 01.03.2007 ൽ ആരംഭിച്ചതാണ്. 13.09.2018 ൽ നിർമ്മാണ കരാർ റദ്ദാക്കി. ഫലപ്രദമായ അവലോകനം നടത്തി ബാക്കിയുള്ള ജോലികൾ 4 ആയി തിരിച്ച് 4 കമ്പനികൾക്ക് കരാർ നൽകി. 2 കമ്പനികൾ പണി പൂർത്തീകരിച്ചു. 09.08.2019 ൽ ആരംഭിച്ച സിവിൽ ജോലികൾ 99.50% പൂർത്തിയായി. |
| 2 | തൊട്ടിയാർ ജല വൈദ്യുത പദ്ധതി | 40 | നിർമ്മാണ പ്രവർത്തനങ്ങൾ 16.01.2009 ൽ ആരംഭിച്ചതാണ്. 28.04.2017 ൽ നിർമ്മാണ കരാർ റദ്ദാക്കി. 09.04.2018 ൽ പുതിയ കരാറുകാരൻ നിർമ്മാണം ആരംഭിച്ചു. 94.80% സിവിൽ ജോലികൾ പൂർത്തിയായി. |
| 3 | പൊരിങ്ങൽക്കുത്ത് മൈക്രോ ജലവൈദ്യുത പദ്ധതി | 0.036 | നിർമ്മാണ പ്രവർത്തനങ്ങൾ 01.04.2024 ൽ ആരംഭിച്ചു. 15% ജോലികൾ പൂർത്തിയായി. |
| 4 | മാങ്കുളം ജല വൈദ്യുത പദ്ധതി | 40 | നിർമ്മാണ പ്രവർത്തനങ്ങൾ 16.05.2022 ൽ ആരംഭിച്ചു. 21 % സിവിൽ ജോലികൾ പൂർത്തിയായി. . |
| 5 | ചിന്നാർ ജല വൈദ്യുത പദ്ധതി- | 24 | നിർമ്മാണ പ്രവർത്തനങ്ങൾ 08.07.2022 ൽ ആരംഭിച്ചു. 35 % |

| | | | |
|---|---|---|---|
| | ഫേസ് 2 | | സിവിൽ ജോലികൾ പൂർത്തിയായി. |
| 6 | ഒലിക്കൽ ചെറുകിട ജല വൈദ്യുത പദ്ധതി | 5 | നിർമ്മാണ പ്രവർത്തനങ്ങൾ 19.09.2022 ൽ ആരംഭിച്ചു. 42 % സിവിൽ ജോലികൾ പൂർത്തിയായി. |
| 7 | പൂവാരംതോട് ചെറുകിട ജല വൈദ്യുത പദ്ധതി | 3 | നിർമ്മാണ പ്രവർത്തനങ്ങൾ 19.09.2022 ൽ ആരംഭിച്ചു. 31 % സിവിൽ ജോലികൾ പൂർത്തിയായി. |
| 8 | ഭൂതത്താൻകെട്ട് ചെറുകിട ജല വൈദ്യുത പദ്ധതി | 24 | നിർമ്മാണ പ്രവർത്തനങ്ങൾ 15.02.2014 ൽ ആരംഭിച്ചു. 99.7% സിവിൽ ജോലികൾ പൂർത്തിയായി. |
| 9 | ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി | 85 ദശലക്ഷം യൂണിറ്റ് | നിർമ്മാണ പ്രവർത്തനങ്ങൾ 06.07.2009 ൽ ആരംഭിച്ചു. 77.32% സിവിൽ ജോലികൾ പൂർത്തിയായി. |
| 10 | പഴശ്ശി സാഗർ ചെറുകിട ജല വൈദ്യുത പദ്ധതി | 7.50 | നിർമ്മാണ പ്രവർത്തനങ്ങൾ 25.05.2018 ൽ ആരംഭിച്ചു. 42.67% സിവിൽ ജോലികൾ പൂർത്തിയായി. |
| 11 | അപ്പർ ചെങ്കുളം ചെറുകിട ജല വൈദ്യുത പദ്ധതി | 24 | നിർമ്മാണ പ്രവർത്തനങ്ങൾ 22.05.2024 ൽ ആരംഭിച്ചു. |
| 12 | കുറ്റ്യാടി RMU പദ്ധതി | 3x25 MW to 3x27.5 MW | 27.11.2019 ന് ആരംഭിച്ചു. |

സംസ്ഥാനത്തെ നിർമ്മാണ ഘട്ടത്തിലിരിക്കുന്ന സ്വകാര്യ - തദ്ദേശസ്വയഭരണ മേഖലയിലുള്ള ജലവൈദ്യുത പദ്ധതികളുടെ വിവരം **അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.**

(ബി) പ്രസ്തുത പദ്ധതികൾ ആരംഭിച്ചത് എന്ന് മുതലാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ 235.036 മെഗാ വാട്ട് സ്ഥാപിത ശേഷിയുള്ള 12 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു.

| **നമ്പർ** | **പദ്ധതിയുടെ പേര്** | **സ്ഥാപിത ശേഷി (മെഗാ വാട്ട്)** | **ആരംഭിച്ച തീയ്യതി** |
|---|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി | 60 | നിർമ്മാണ പ്രവർത്തനങ്ങൾ 01.03.2007 ൽ ആരംഭിച്ചതാണ്. 13.09.2018 ൽ നിർമ്മാണ കരാർ റദ്ദാക്കി. ഫലപ്രദമായ അവലോകനം നടത്തി ബാക്കിയുള്ള ജോലികൾ 4 ആയി തിരിച്ച് 4 കമ്പനികൾക്ക് കരാർ നൽകി. 2 കമ്പനികൾ പണി പൂർത്തീകരിച്ചു. 09.08.2019 ൽ ആരംഭിച്ച സിവിൽ ജോലികൾ 99.50% പൂർത്തിയായി. |
| 2 | തൊട്ടിയാർ ജല വൈദ്യുത പദ്ധതി | 40 | നിർമ്മാണ പ്രവർത്തനങ്ങൾ 16.01.2009 ൽ ആരംഭിച്ചതാണ്. 28.04.2017 ൽ നിർമ്മാണ കരാർ റദ്ദാക്കി. 09.04.2018 ൽ പുതിയ |

| | | | |
|---|---|---|---|
| | | | കരാറുകാരൻ നിർമ്മാണം ആരംഭിച്ചു. 94.80% സിവിൽ ജോലികൾ പൂർത്തിയായി. |
| 3 | പൊരിങ്ങൽക്കുത്ത് മൈക്രോ ജലവൈദ്യുത പദ്ധതി | 0.036 | നിർമ്മാണ പ്രവർത്തനങ്ങൾ 01.04.2024 ൽ ആരംഭിച്ചു. 15% ജോലികൾ പൂർത്തിയായി. |
| 4 | മാങ്കുളം ജല വൈദ്യുത പദ്ധതി | 40 | നിർമ്മാണ പ്രവർത്തനങ്ങൾ 16.05.2022 ൽ ആരംഭിച്ചു. 21 % സിവിൽ ജോലികൾ പൂർത്തിയായി. . |
| 5 | ചിന്നാർ ജല വൈദ്യുത പദ്ധതി- ഫേസ് 2 | 24 | നിർമ്മാണ പ്രവർത്തനങ്ങൾ 08.07.2022 ൽ ആരംഭിച്ചു. 35 % സിവിൽ ജോലികൾ പൂർത്തിയായി. |
| 6 | ഒലിക്കൽ ചെറുകിട ജല വൈദ്യുത പദ്ധതി | 5 | നിർമ്മാണ പ്രവർത്തനങ്ങൾ 19.09.2022 ൽ ആരംഭിച്ചു. 42 % സിവിൽ ജോലികൾ പൂർത്തിയായി. |
| 7 | പൂവാരംതോട് ചെറുകിട ജല വൈദ്യുത പദ്ധതി | 3 | നിർമ്മാണ പ്രവർത്തനങ്ങൾ 19.09.2022 ൽ ആരംഭിച്ചു. 31 % സിവിൽ ജോലികൾ പൂർത്തിയായി. |
| 8 | ഭൂതത്താൻകെട്ട് ചെറുകിട ജല വൈദ്യുത പദ്ധതി | 24 | നിർമ്മാണ പ്രവർത്തനങ്ങൾ 15.02.2014 ൽ ആരംഭിച്ചു. 99.7% സിവിൽ ജോലികൾ പൂർത്തിയായി. |
| 9 | ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി | 85 ദശലക്ഷം യൂണിറ്റ് | നിർമ്മാണ പ്രവർത്തനങ്ങൾ 06.07.2009 ൽ ആരംഭിച്ചു. 77.32% സിവിൽ ജോലികൾ പൂർത്തിയായി. |
| 10 | പഴശ്ശി സാഗർ ചെറുകിട ജല വൈദ്യുത പദ്ധതി | 7.50 | നിർമ്മാണ പ്രവർത്തനങ്ങൾ 25.05.2018 ൽ ആരംഭിച്ചു. 42.67% സിവിൽ ജോലികൾ പൂർത്തിയായി. |
| 11 | അപ്പർ ചെങ്കുളം ചെറുകിട ജല വൈദ്യുത പദ്ധതി | 24 | നിർമ്മാണ പ്രവർത്തനങ്ങൾ 22.05.2024 ൽ ആരംഭിച്ചു. |
| 12 | കുറ്റ്യാടി RMU പദ്ധതി | 3x25 MW to 3x27.5 MW | 27.11.2019 ന് ആരംഭിച്ചു. |

സംസ്ഥാനത്തെ നിർമ്മാണ ഘട്ടത്തിലിരിക്കുന്ന സ്വകാര്യ - തദ്ദേശസ്വയഭരണ മേഖലയിലുള്ള ജലവൈദ്യുത പദ്ധതികളുടെ വിവരം **അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.**

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) നിർദ്ധിഷ്ട പുരോഗതി, കരാർ റദ്ദാക്കൽ, ഭൗമ ശാസ്ത്രപരമായ വെല്ലുവിളികൾ, നിപ്പ, 2018, 2019 വർഷങ്ങളിലെ പ്രളയങ്ങൾ, കോവിഡ് 19 തുടങ്ങിയ കാരണങ്ങൾ കൊണ്ട് ചില പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം ചുവടെ ചേർക്കുന്നു.

**പള്ളിവാസൽ (2x30 MW)**

പള്ളിവാസൽ ജലവൈദ്യുത പദ്ധതിയിലേക്ക് ജലം കൊണ്ടുവരാനായി നിർമ്മിച്ചിട്ടുള്ള RA Head works എല്ലാ മഴക്കാലത്തും നിറഞ്ഞുകവിയുന്നതു കാരണം ഒഴുക്കി കളയുന്ന വെള്ളം ഉപയോഗപ്പെടുത്തുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് 2x30 MW പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം. പ്രതിവർഷം 164.9 MU വൈദ്യുതി ഉത്പാദനമാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. 2007 ൽ പദ്ധതി പ്രവൃത്തികൾ ആരംഭിച്ചെങ്കിലും ഉദ്ദേശിച്ച പുരോഗതി കൈവരിക്കാത്തതിനാൽ 2016 ൽ നിർത്തി വച്ചു. പദ്ധതി പുനരാരംഭിക്കാൻ നിരവധി ശ്രമങ്ങൾ ഉണ്ടായെങ്കിലും പല കാരണങ്ങളാൽ അവ ലക്ഷ്യത്തിലെത്തിയില്ല. പകുതി പൂർത്തീകരിച്ച ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തിയായതിനാലും, പാനലുകളുടെ കാലപ്പഴക്കം, ആവശ്യമായ ഡിസൈൻ രൂപരേഖകളുടെ അഭാവം തുടങ്ങിയ വിവിധ കാരണങ്ങളാൽ പ്രവൃത്തി പുനരാരംഭിക്കുന്നതിന് കരാറുകാർ വളരെ ഉയർന്ന തുകയാണ് ആവശ്യപ്പെട്ടത്. ഒടുവിൽ Reverse Bidding പ്രക്രിയയിലൂടെ ഉറപ്പിച്ച കരാർ M/s.TVPPL-KSK-Fitwell-Boom-REHPL Consortium ന് 48.55/-കോടി രൂപക്ക് 31.01.2022 ന് നൽകുകയുണ്ടായി. പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ നിരവധി തടസ്സങ്ങൾ നേരിട്ടെങ്കിലും പദ്ധതി 2024 ജൂലായ് മാസത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന പ്രതീക്ഷയിലാണ്.

**<u>തോട്ടിയാർജലവൈദ്യുത പദ്ധതി (1x10 + 1x30 MW)</u>**

2008- ൽ ആരംഭിച്ച പദ്ധതി വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ 2017- ൽ കരാർ അവസാനിപ്പിക്കുകയുണ്ടായി. പകുതി പണി പൂർത്തിയായ പദ്ധതി പുനരാരംഭിക്കുന്ന പ്രവൃത്തിക്കായി കരാറുകാർ ലഭ്യമല്ലാതിരുന്നതിനാൽ ബാക്കിയുള്ള പ്രവൃത്തികൾ വെവ്വേറെ കരാറുകളിലൂടെ പൂർത്തീകരിക്കാൻ 2018 ൽ തീരുമാനിക്കുകയുണ്ടായി. ഇതു പ്രകാരം ABB, Fitwell തുടങ്ങിയ വിവിധ കരാർ കമ്പനികളിലൂടെ പ്രവൃത്തി പൂർത്തീകരിച്ചു വരുന്നു. 2024 ജൂൺ ജൂലായ് മാസങ്ങളിലായി രണ്ട് ജനറേറ്ററുകളും കമ്മീഷൻ ചെയ്യുന്നത് ലക്ഷ്യമിട്ട് ദ്രുതഗതിയിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു .

**3. <u>കുറ്റ്യാടി ആർ.എം.യു പദ്ധതി ( 3x25 MW to 3x27.5 MW)</u>**

50 വർഷം പൂർത്തീകരിച്ച ആദ്യഘട്ടത്തിലെ 25 MW ശേഷിയുള്ള മൂന്ന് മെഷീനുകൾ മാറ്റി സ്ഥാപിക്കുന്നതിനും ആധുനികവൽക്കരണം നടപ്പിലാക്കുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് കുറ്റ്യാടി RMU (Renovation, Modernisation and Uprating) പദ്ധതി. പ്രസ്തുത പദ്ധതിയിലൂടെ മെഷീനുകളുടെ നവീകരണത്തിനും ആധുനികവത്കരണത്തിനുമൊപ്പം 10% ഉല്പാദന ശേഷി വർദ്ധന കൂടി ലക്ഷ്യമിടുന്നു. പദ്ധതി പൂർത്തിയാകുന്നതോടെ 25 MW മെഷീനുകളുടെ ശേഷി 27.5 MW ആയി ഉയർത്തും. ഇത്തരത്തിൽ മൂന്നു മെഷീനുകൾക്കും കൂടി 7.5 മെഗാവാട്ടിന്റെ അധിക ഉത്പാദനം സാധ്യമാകുകയും കുറ്റ്യാടി വൈദ്യുത പദ്ധതിയുടെ മൊത്തം ഉല്പാദന ശേഷി 239.25 MW ആയി വർദ്ധിക്കുകയും ചെയ്യും. ഇതുമൂലം വാർഷിക വൈദ്യുതി ഉത്പാദനം 26 ദശലക്ഷം യൂണിറ്റ് അധികമായി ഉയരും. 2025 ഒക്ടോബർ മാസത്തോടുകൂടി മൂന്നു ജനറേറ്ററുകളുടേയും നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കപ്പെടുന്ന രീതിയിലാണ് നിലവിൽ ഷെഡ്യൂൾ ചെയ്തിരിക്കുന്നത്.

**4. <u>ഭൂതത്താൻകെട്ട് (3x8 MW)</u>**

2014-ൽ പ്രവർത്തനം ആരംഭിച്ച ഭൂതത്താൻകെട്ട് ചെറുകിട ജല വൈദ്യുത പദ്ധതി (24MW/83.50 Mu) യുടെ 99.70% സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള സിവിൽ നിർമ്മാണ പ്രവൃത്തനങ്ങൾ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ.

പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 86.61% പൂർത്തീകരിച്ചു. ചൈനയിൽ നിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനായി കെ.എസ്.ഇ.ബി ലിമിറ്റഡ്, M/s Sree Saravana Engineering Bhavani Private Ltd, M/s Hunan Zhaoyang Generating Equipment Co. Ltd, China എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാർ 27.04.2022- ൽ ഒപ്പിട്ടു. പേയ്മെന്റ് നടത്തുന്നതിന് കെ.എസ്.ഇ.ബി ലിമിറ്റഡ് letter of Credit open

ചെയ്യേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ടും അനുബന്ധ നടപടികൾ സംബന്ധിച്ചും നിയമോപദേശം 14.07.2023-ൽ അഡ്വക്കേറ്റ് ജനറൽ കേരളയിൽ നിന്ന് സർക്കാർ തേടിയിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല.

അതേ സമയം ലഭ്യമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ബാക്കി ഉപകരണങ്ങൾ നിർമ്മിച്ച നൽകുന്നതിനും ഇന്ത്യൻ കമ്പനികളുടെ സഹായത്താൽ reverse engineering നടത്തി പദ്ധതി പൂർത്തിയാക്കു ന്നതിനുള്ള വഴികളും കെ.എസ്.ഇ.ബി.എൽ തേടുന്നുണ്ട്.

**5. <u>പഴശ്ശിസാഗർ (3x2.5 MW)</u>**

25.01.2021- ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s.Kirloskar Brothers Ltd. എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. കോൺട്രാക്ട് തുക 48.26 കോടി രൂപ ഡ്രോയിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. എന്നാൽ സിവിൽ നിർമ്മാണ പ്രവൃത്തികൾ മുടങ്ങികിടക്കുകയാണ്.

ചെറുകിട ജല വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിനുള്ള പ്രധാന കാരണങ്ങൾ താഴെ പറയും വിധമാണ്.

- പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ പ്രധാന കാരണം വനം വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങളാണ്.
- MNRE വഴി നൽകിയിരുന്ന സബ്സിഡി നിർത്തലാക്കിയതും സംരംഭകരെ പദ്ധതികളുടെ പൂർത്തീകരണത്തിൽ നിന്നും പിന്തിരിപ്പിക്കുന്നു. അതോടൊപ്പം വൈദ്യുതി താരിഫ് കെ. എസ്. ഇ. ബി.എൽ- ന്റെ ആവറേജ് പൂൾഡ് പർച്ചേസ് തുകയെക്കാൾ കൂടുതൽ ആകുന്നതിനാൽ കെ.എസ്.ഇ.ബി.എൽ നിന്നും ലഭിക്കേണ്ട ലെറ്റർ ഓഫ് കംഫർട്ട് (LOC) സമയബന്ധിതമായി നൽകാൻ കഴിയാത്തതും പദ്ധതികളുടെ മുന്നോട്ട് പോകലിനെ ബാധിക്കുന്നുണ്ട്.

(ഡി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ഡി) പദ്ധതി പൂർത്തീകരിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിക്കുവാൻ സാധിക്കുന്ന സമയം |
|---|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി | 60 | 99.50% സിവിൽ ജോലികൾ പൂർത്തിയായി. 2024 ൽ തന്നെ നിർമ്മാണം പൂർത്തിയാകുന്നതാണ് |
| 2 | തൊട്ടിയാർ ജല വൈദ്യുത പദ്ധതി | 40 | 94.80% സിവിൽ ജോലികൾ പൂർത്തിയായി. 2024 ൽ തന്നെ നിർമ്മാണം പൂർത്തിയാകുന്നതാണ് |
| 3 | പൊരിങ്ങൽക്കുത്ത് മൈക്രോ ജലവൈദ്യുത പദ്ധതി | 0.036 | 15% ജോലികൾ പൂർത്തിയായി. 6 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തി-യാകുമെന്ന് പ്രതീക്ഷിക്കുന്നു |
| 4 | മാങ്കുളം ജല വൈദ്യുത പദ്ധതി | 40 | 21 % സിവിൽ ജോലികൾ പൂർത്തിയായി. . 2026 മെയ് മാസത്തിൽ നിർമ്മാണം |

| | | | |
|---|---|---|---|
| | | | പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| 5 | ചിന്നാർ ജല വൈദ്യുത പദ്ധതി-ഫേസ് 2 | 24 | 35 % സിവിൽ ജോലികൾ പൂർത്തിയായി. 2025 ഫെബ്രുവരി മാസത്തിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| 6 | ഒലിക്കൽ ചെറുകിട ജല വൈദ്യുത പദ്ധതി | 5 | 42 % സിവിൽ ജോലികൾ പൂർത്തിയായി. 2025 ജൂൺ മാസത്തിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| 7 | പൂവാരംതോട് ചെറുകിട ജല വൈദ്യുത പദ്ധതി | 3 | 31 % സിവിൽ ജോലികൾ പൂർത്തിയായി. 2025 ജൂൺ മാസത്തിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു |
| 8 | ഭൂതത്താൻകെട്ട് ചെറുകിട ജല വൈദ്യുത പദ്ധതി | 24 | 99.7% സിവിൽ ജോലികൾ പൂർത്തിയായി. നിർമ്മാണം പൂർത്തികരിക്കാൻ ലക്ഷ്യമിടുന്ന തീയതി തീരുമാനമായിട്ടില്ല. |
| 9 | ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി | 85 ദശലക്ഷം യൂണിറ്റ് | 77.32% സിവിൽ ജോലികൾ പൂർത്തിയായി. 2027 ജൂലൈ മാസത്തിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| 10 | പഴശ്ശി സാഗർ ചെറുകിട ജല വൈദ്യുത പദ്ധതി | 7.50 | 42.67% സിവിൽ ജോലികൾ പൂർത്തിയായി. 2025 ഡിസംബർ മാസത്തിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| 11 | അപ്പർ ചെങ്കുളം ചെറുകിട ജല വൈദ്യുത പദ്ധതി | 24 | 22.05.2024 ന് സിവിൽ ജോലികൾ ആരംഭിച്ചു. 2028 മെയ് മാസത്തിൽ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| 12 | കുറ്റ്യാടി RMU പദ്ധതി | 3x25 MW to 3x27.5 MW | 2025 ഒക്ടോബർ മാസം നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ